ഉത്തരം

(എ & ബി) ഉത്തര കേരളത്തിൽ അനുഷ്ഠാനകലകളെ സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും 1995-ൽ സംസ്ഥാന സർക്കാർ കേരള ഫോക്‌ലോർ അക്കാദമി സ്ഥാപിച്ചിട്ടുണ്ട്. ഈ അക്കാദമി മുഖാന്തിരം കേരളത്തിലെ വിശിഷ്യാ ഉത്തര കേരളത്തിലെ അനുഷ്ഠാന പാരമ്പര്യ നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക, വിദ്യാർത്ഥികൾക്ക് കേരള പാരമ്പര്യ കലകളിൽ വൈദഗ്ദ്യം നേടുന്നതിന് പരിശീലനം നൽകുക, അനുഷ്ഠാന കലകളിൽ പ്രാഗത്ഭ്യം തെളിയിച്ച കലാകാരൻമാർക്ക് അവാർഡുകളും ഫെലോഷിപ്പുകളും നൽകി ആദരിക്കുക, രോഗങ്ങൾ കൊണ്ട് അവശതയനുഭവിക്കുന്ന കലാകാരൻമാർക്ക് ചികിത്സാ ധനസഹായം അനുവദിക്കുക, നാടൻകലകളെ സർവ്വേ നടത്തി കണ്ടെത്തി ശാസ്ത്രീയമായി ഡോക്യുമെന്റ് മുഖേന രേഖപ്പെടുത്തുക, ഫോക്‌ലോർ ഡയറക്ടറി, എൻസൈക്ലോപീഡിയ എന്നിവ പ്രസിദ്ധം ചെയ്യുക, ഫോക് കൾച്ചറൽ മ്യൂസിയം നിർമ്മിക്കുക, വാങ്മൊഴി കഥകളും ഗാനങ്ങളും വംശീയ സംഗീതവും ശബ്ദലേഖനം ചെയ്ത് ശേഖരിക്കുക, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക, ഫോക്‌ലോർ ക്ലബ്ബുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും ഗ്രാന്റ് നൽകുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേരള കലാമണ്ഡലത്തിന്റെ സാംസ്കാരിക പരിപാടികളിലും ഉത്തരകേരളത്തിൽ നിന്നുള്ള നാടൻ അനുഷ്ഠാന കലകളെ ഉൾപ്പെടുത്താറുണ്ട്.

മോഡേൺ റൈസ് മില്ലിലെ തൊഴിലാളികളുടെ സമരം

129 [893] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അത്താണിയിൽ പ്രവർത്തിക്കുന്ന മോഡേൺ റൈസ് മില്ലിലെ തൊഴിലാളികൾ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2004 നവംബർ 18-ാം തീയതി ഈ സ്ഥാപനത്തിൽ ഒരു വിഭാഗം ജീവനക്കാരെ അന്യായമായി ലേ ഓഫ് ചെയ്യുകയും പിന്നീട് 11 തൊഴിലാളികളെ പിരിച്ചുവിട്ടതും സംബന്ധിച്ച പരാതിയുടെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) ജില്ലാ ലേബർ ആഫീസർ വിളിച്ചുചേർത്ത ചർച്ചയിൽ മാനേജ്മെന്റ് നിസ്സഹരിക്കുന്ന സമീപനത്തിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച പരാതി മോഡേൺ റൈസ് മിൽ എംപ്ലോയീസ് യൂണിയനിൽ നിന്നും 27-10-2005-ന് തൃശ്ശൂർ ജില്ലാ ലേബർ ആഫീസർക്ക് ലഭിച്ചിട്ടുണ്ട്. ജില്ലാ ലേബർ ആഫീസർ ബന്ധപ്പെട്ട എല്ലാ യൂണിയൻ പ്രതിനിധികളെയും ഉൾപ്പെടുത്തി മൂന്ന് അനുരഞ്ജന ചർച്ചകൾ ഇതിനകം നടത്തുകയുണ്ടായി. ചർച്ചകളിൽ മാനേജ്മെന്റും യൂണിയൻ പ്രതിനിധികളും പങ്കെടുത്തു. അനുരഞ്ജന ചർച്ചകൾ ഇപ്പോഴും തുടരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ജില്ലാ ലേബർ ആഫീസർ വിളിച്ചുകൂട്ടിയ എല്ലാ ചർച്ചകളിലും മാനേജ്മെന്റ് പങ്കെടുത്തിട്ടുണ്ട്. പ്രസ്തുത തൊഴിൽ തർക്കം ഒത്ത് തീർപ്പാക്കുവാൻ ജില്ലാ ലേബർ ആഫീസർ തലത്തിൽ പരമാവധി ശ്രമിക്കുന്നതാണ്. തർക്കം രമ്യതയിൽ പരിഹരിക്കുവാൻ സാധിക്കാത്തപക്ഷം ആവശ്യമെങ്കിൽ റീജണൽ ജോയിന്റ് ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ, ലേബർ കമ്മീഷണർ എന്നീ തലങ്ങളിലും അനുരഞ്ജന ചർച്ചകൾ നടത്താവുന്നതാണ്. ഈ തൊഴിൽ തർക്കം രമ്യമായി പരിഹരിക്കാൻ സാധിക്കാത്തപക്ഷം 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ വകുപ്പ് 12 (4) അനുസരിച്ച് അനുരഞ്ജന പരാജയ റിപ്പോർട്ട് ലേബർ കോടതി/ വ്യവസായ ട്രൈബ്യൂണലിന്റെ തീരുമാനത്തിനായി വിടുന്നതാണ്.

കരിങ്കൽ ക്വാറികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ

130 [894] ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കരിങ്കൽ ക്വാറികളിൽ ജോലി ചെയ്തുവരുന്ന തൊഴിലാളികളുടെ എണ്ണം പ്രത്യേകമായി നിർണ്ണയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര തൊഴിലാളികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിയമത്തിന്റെ പഴുത് ഉപയോഗിച്ച് ക്വാറികൾ വ്യാപകമായി സ്തംഭിപ്പിക്കുന്ന നില സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാരിന് പ്രത്യേക മുതൽമുടക്ക് ഇല്ലാതെ തൊഴിലവസരം ഉണ്ടാക്കുന്ന കരിങ്കൽ ക്വാറികളുടെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഡി) തൊഴിൽ സംരക്ഷണത്തെ മുൻനിർത്തി നിലവിലുള്ള നിയമവ്യവസ്ഥകൾ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർണ്ണയിച്ചിട്ടില്ല.

(ബി) തൊഴിൽ പ്രശ്നങ്ങൾമൂലം കേരളത്തിലെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനങ്ങൾ സ്തംഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി & ഡി) പ്രധാനമായും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നടപ്പാക്കുന്ന നിയമങ്ങളാണ് കരിങ്കൽ ക്വാറികളെ സംബന്ധിച്ചുള്ളത്. തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന നിയമങ്ങൾമൂലം തൊഴിൽ സ്തംഭനങ്ങൾ ഉണ്ടായിട്ടില്ല. തൊഴിൽ പ്രശ്നങ്ങൾ ഉണ്ടാകുന്നപക്ഷം അവ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly